# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:222 20.06.2012 - ൽ മറുപടിക്ക്

### കടൽ ജലത്തിൽ നിന്നും കുടിവെള്ളം

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.പി. സി. ജോർജ് | | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കടൽ ജലം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതിയുടെ നടത്തിപ്പിന് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിച്ചുവോ ; | (എ) | 2012-13 വർഷത്തെ ബഡ്ജറ്റിൽ തീരപ്രദേശങ്ങളിലും കുട്ടനാട്ടിലും ഉപ്പുവെള്ളം ശുചീകരിക്കുന്ന ദ്വിമുഖ പരിപാടികൾ ഉൾപ്പെടെയുള്ള നവീന സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതിലേയ്ക്കായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) ഇതിനായി 6.01.2012-ൽ കേരള ജല അതോറിറ്റി സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്നതിനായി താഴെപ്പറയുന്ന മൂന്ന് പദ്ധതികളാണ് സമർപ്പിച്ചിരുന്നത്.<br>1. തൃശ്ശൂർ ജില്ലയിലെ പൊയ്യ, മേത്തല, വെള്ളാങ്കല്ലൂർ, പുത്തൻചിറ പഞ്ചായത്തുകൾ<br>2. ആലപ്പുഴ ജില്ലയിലെ കുട്ടനാട്<br>3. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പ്രദേശം |
| (സി) പ്രസ്തുത പദ്ധതിയുടെ സാധ്യതാ പഠനത്തിന് ചുമതലയേറ്റ 'വാസ്കോണിന്റെ' റിപ്പോർട്ട് ലഭിച്ചുവോ ; വിശദാംശങ്ങൾ നല്കുമോ ; | (സി) | പ്രസ്തുത പദ്ധതികൾക്കു വേണ്ടിയുള്ള സാധ്യതാ പഠനത്തിന്റെ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>തൃശ്ശൂർ ജില്ലയിലെ പൊയ്യ, മേത്തല എന്നീ സ്ഥലങ്ങളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ പ്രാഥമിക പഠന റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പുത്തൻചിറ, വെള്ളാങ്കല്ലൂർ പ്രദേശങ്ങളിൽ പദ്ധതിയ്ക്കാവശ്യമായ സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |

ഹരിപ്പാട്, ചേപ്പാട് പ്രദേശങ്ങൾക്കുവേണ്ടിയുള്ള പദ്ധതിയുടെ സാധ്യതാ പഠനത്തിന്റെ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

കുട്ടനാടിനു വേണ്ടിയുള്ള പദ്ധതിയുടെ സാധ്യതാ പഠനം ആരംഭിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.

(ഡി) ചെന്നൈയിലും, കവരത്തിയിലും കടൽ ജലം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതി വിജയകരമായി നടത്തിവരുന്നത് കണക്കിലെടുത്ത് പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭ്യമാക്കി നടപ്പു സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുമോ ?

(ഡി) സംസ്ഥാനത്ത് പദ്ധതി നടപ്പാക്കുന്നതിനു വേണ്ടിയുള്ള സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ ആരംഭിയ്ക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ